©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2018 നവംബർ 6<br>6th November 2018<br>1194 തുലാം 20<br>20th Thulam 1194<br>1940 കാർത്തികം 15<br>15th Karthika 1940 | നമ്പർ<br>No. 44 |

# PART III

# Fisheries Department

### വിജ്ഞാപനം

നമ്പർ 13/2018. 2018 സെപ്റ്റംബർ 27.

ആലപ്പുഴ ജില്ലയിൽ മത്സ്യ വകുപ്പ് ആരൂർ ഫിഷറീസ് സെക്ഷനിൽപ്പെട്ട KT-17, C-1038-ാം നമ്പർ ചീനവല ഒന്നാം തരത്തിൽപ്പെടുത്തി ചേർത്തല താലൂക്കിൽ അരൂർ വില്ലേജിൽ അരൂർ മുറിയിൽ കപ്പലുങ്കൽ നിന്നും കളത്തിൽ താമസിക്കും അയ്യപ്പൻ മകൻ അയ്യപ്പൻ പേർക്ക് പട്ടയം പതിച്ച് നൽകിയിട്ടുള്ളതാണ്. ടി ചീനവല ടിയാന്റെ കൈവശാനുഭവത്തിലിരിക്കെ നോക്കി നടത്താൻ പറ്റാതായ സാഹചര്യത്തിൽ 25-9-1972-ാം തീയതി പാണാവള്ളി സബ് രജിസ്ട്രാർ ഓഫീസിലെ 2242-ാം നമ്പർ തീരാധാരപ്രകാരം ടി വില്ലേജിൽ ടി മുറിയിൽ പതക്കത്തറ തെക്കേചിറയിൽ കുഞ്ഞമ്മ മകൾ ഗൗരി പേർക്ക് തീറായി നൽകുകയും എന്നാൽ ഇവർക്ക് ഈ ചീനവല സാമ്പത്തിക പരാധീനത കണക്കിലെടുത്ത് 4-10-1993-ാം തീയതി പാണാവള്ളി സബ് രജിസ്ട്രാരാഫീസിലെ 3344-ാം നമ്പർ തീറാധാരപ്രകാരം ടി വില്ലേജിൽ ടി മുറിയിൽ പുതുവൽ നിവർത്ത് വീട്ടിൽ താമസിക്കും നാരായണൻ മകൻ മത്സ്യബന്ധനം നടത്തും 60 വയസ്സുള്ള രമണൻ പേർക്ക് തീറായി വിറ്റിട്ടുള്ളതാണ്. ടി ചീനവല ടിയാന്റെ കൈവശാനുഭവത്തിലിരിക്കുകയാൽ ടിയാൻ ഇത് തന്റെ പേരിൽക്കൂട്ടി പോക്കുവരവ് ചെയ്ത് പുതിയ പട്ടയം നൽകണമെന്ന് കാണിച്ച് പ്രമാണങ്ങളുടെ ശരിപ്പകർപ്പ് സഹിതം അപേക്ഷ ബോധിപ്പിച്ചിട്ടുള്ളതാകുന്നു. അന്വേഷണത്തിൽ ടി രമണൻ ഇപ്പോൾ മത്സ്യബന്ധന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബാംഗമാണ്.

മേൽ വിവരിച്ച സാഹചര്യത്തിൽ ടി കെ. ടി-17, സി-1038-ാം നമ്പർ ചീനവലയുടെ പഴയ പട്ടയം റദ്ദ് ചെയ്ത് പുതിയ പട്ടയം ടിയാന് നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. ആയതിൽ ആർക്കെങ്കിലും ന്യായമായ ആക്ഷേപമോ നിർദ്ദേശമോ ഉണ്ടെങ്കിൽ അത് ഈ പരസ്യം പ്രസിദ്ധം ചെയ്യുന്ന ഗസറ്റ് തീയതി മുതൽ ഒരു മാസത്തിനകം പരസ്യാധികാരിയെ അറിയിച്ചിരിക്കേണ്ടതാകുന്നു. നിശ്ചിത തീയതിക്കുള്ളിൽ യാതൊരുവിധ ആക്ഷേപമോ നിർദ്ദേശമോ രേഖാമൂലം ലഭിക്കുന്നില്ലായെങ്കിൽ ഇനിയൊരു അറിയിപ്പ് കൂടാതെ ടി കെ. ടി-17, സി-1038-ാം നമ്പർ ചീനവലയുടെ പഴയ പട്ടയം റദ്ദ് ചെയ്ത് പുതിയ പട്ടയം ടി രമണൻ പേർക്ക് നൽകുന്നതാണെന്ന് ഇതിനാൽ സകലമാനപേരേയും അറിയിക്കുന്നു.

ഫിഷറീസ് ഡെപ്യൂട്ടി
ഡയറക്ടറുടെ കാര്യാലയം,
ആലപ്പുഴ.

(ഒപ്പ്)
ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ.

ലേല/ദർഘാസ് പരസ്യം

നമ്പർ എ.പി/2018-19/32ഇ(സി)ബോർവെൽ.

2018 ഒക്ടോബർ 24.

ഫിഷറീസ് വകുപ്പിന്റെ വാളയാർ മത്സ്യ വിത്ത് ഉൽപാദന കേന്ദ്രത്തിൽ ബോർവെൽ സ്ഥാപിച്ചുതരുവാൻ താൽപ്പര്യമുള്ള ഗവൺമെന്റ് അംഗീകൃത ഏജൻസികളിൽ നിന്നും മുദ്രവെച്ച ലേലം/ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. 100 mm വ്യാസത്തിൽ (100 mm dia) 150 മീറ്റർ ആഴത്തിൽ 120 mm കേസ്സിംഗ് പൈപ്പ് (18 മീറ്റർ) ഇട്ട് 5 എച്ച്.പി., 37 സ്റ്റേജ് മോട്ടോർ സ്ഥാപിച്ച് ബോർവെൽ പ്രവർത്തനം സജ്ജമാക്കി തരുന്നതിന് ആവശ്യമായ എല്ലാവിധ നികുതിയും ഉൾപ്പെടെയുള്ള ചിലവാണ് ദർഘാസിൽ കാണിക്കേണ്ടത്. ബോർവെല്ലിന്റെ സ്പെസിഫിക്കേഷൻ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്.

അടങ്കൽ തുക—` 3,00,000.

ദർഘാസ് ഫോറത്തിന്റെ വില—` 950 + 18% ജി.എസ്.ടി. (` 171) = ` 1,121.

ദർഘാസ് ഫോറത്തിന്റെ വിൽപ്പന അവസാനിക്കുന്ന തീയതിയും സമയവും— 26-11-2018, 4 മണി.

ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതിയും സമയവും—29-11-2018, 12 മണി.

ദർഘാസ് തുറക്കുന്ന/ലേലം നടക്കുന്ന തീയതിയും സമയവും—29-11-2018, 3 മണി.

ദർഘാസ് സമർപ്പിക്കുന്ന കവറിനു പുറത്ത് “വാളയാർ ഫിഷ് സീഡ് ഫാമിൽ ബോർവെൽ സ്ഥാപിക്കാനുള്ള ദർഘാസ്” എന്ന് രേഖപ്പെടുത്തേണ്ടതാണ്. മുദ്രവെച്ച ദർഘാസുകൾ മുകളിൽ സൂചിപ്പിച്ച നിശ്ചിത സമയത്തിനുള്ളിൽ ഫിഷറീസ് സബ് ഇൻസ്പെക്ടർ, വാളയാർ ഫിഷ് സീഡ് ഫാം, വാളയാർ ഡാം പി. ഒ., പാലക്കാട് എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്. വൈകി ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല. ലേലത്തിൽ പങ്കെടുക്കുന്നവരും ദർഘാസ് സമർപ്പിക്കുന്നവരും ` 3,000 നിരതദ്രവ്യം ഫിഷറീസ് സബ് ഇൻസ്പെക്ടർ, വാളയാർ ഫിഷ് സീഡ് ഫാം, വാളയാർ ഡാം പി. ഒ., പാലക്കാട് എന്ന പേരിൽ ദേശസാൽകൃത ബാങ്കുകളിൽ നിന്നും എടുത്ത ഡിമാന്റ് ഡ്രാഫ്റ്റായി വയ്ക്കേണ്ടതാണ്. നിരതദ്രവ്യം ഇല്ലാത്ത ദർഘാസുകൾ നിരസിക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ 29-11-2018-ന് ഉച്ചയ്ക്ക് 2 മണിക്കുമുമ്പായി തിരിച്ചറിയൽ രേഖയുടെ ഒറിജിനലും പകർപ്പും സഹിതം നിരതദ്രവ്യത്തുക അടച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. ലേല നടപടികൾ പൂർത്തീകരിച്ചശേഷം ലേലത്തിൽ പങ്കെടുത്തവരുടെയും ദർഘാസ് സമർപ്പിച്ചവരുടെയും സാന്നിദ്ധ്യത്തിൽ ദർഘാസ് തുറക്കുന്നതും ലേലം/ദർഘാസ് ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയവരുടെ പേരിൽ മേലധികാരിയുടെ അംഗീകാരത്തിന് വിധേയമായി താൽക്കാലികമായി ഉറപ്പിക്കുന്നതാണ്. വർക്ക് ഓർഡർ ലഭിച്ചുകഴിഞ്ഞാൽ വർക്ക് പൂർത്തിയാക്കാൻ എടുക്കുന്ന സമയം ദർഘാസിൽ സൂചിപ്പിക്കേണ്ടതാണ്.

യാതൊരു കാരണവശാലും ദർഘാസ് ഫോറത്തിന്റെ വില തിരിച്ചു നൽകുന്നതല്ല. യാതൊരു കാരണവും കൂടാതെ ദർഘാസ് സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനും ഉള്ള പൂർണ്ണ അധികാരം താഴെ ഒപ്പിട്ട ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും.

മറ്റ് സർക്കാർ ദർഘാസുകൾക്ക് ബാധകമായ എല്ലാ നിയമവ്യവസ്ഥകളും ഇതിനും ബാധകമായിരിക്കും. ദർഘാസ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കും ദർഘാസ് ഫോറത്തിനും പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

Borewell Specification

| *Sl. No.* | *Particulars* | *Quantity* |
|---|---|---|
| 1 | Drilling 100 mm dia Borewell | 150 |
| 2 | Supplying 120 mm casing pipe | 18 |
| 3 | Supply and fixing 5HP 37 stage Borewell submersible motor pump set suitable for open 415 V three phase (head range 97m to 189.5 discharge water 2.2 to 0.9 per second) | 1 |
| 4 | Supply & providing dry Rm preventer suitable fan above motor with standard company with wire and giving connection | 1 No. |
| 5 | Supplying at 40 mm (PVC pipe rod 20 kg Ashinvad etc.) | 200 m |
| 6 | Supply and laying flat cut 4 × 6 sqmm (havels, V. guard) | 250 m |
| 7 | 40 mm Top and bottom coupling | 1 No. |
| 8 | 40 mm Borewell clamp powder coated | 1 No. |
| 9 | 4 × 2 ring plate powder coated | 1 No. |
| 10 | 40 mm GI bend | 1 No. |
| 11 | 40 mm GI coupling | 1 No. |
| 12 | 40 mm NRU brass | 1 No. |
| 13 | 40 mm hose coller | 1 No. |
| 14 | 40 mm hose clamp | 1 No. |
| 15 | Cable joint | 1 No. |
| 16 | Insulation tape. Teflon tape Shellac | 1 No. |
| 17 | Supplying No. 14 rop with ISI mark | 195 m |
| 18 | Labour charge for fixing 5 Hp motor pump set and all accessories | 1 No. |

ഫിഷറീസ് സബ്
ഇൻസ്പെക്ടറുടെ കാര്യാലയം, (ഒപ്പ്)
വാളയാർ. സബ് ഇൻസ്പെക്ടർ (ഫിഷറീസ്).